# പിറവിക്കാലം

## വചന വിചിന്തനം

### ഒന്നാം ഞായർ

മത്താ 2,1-12

27/12/2014

ജ്ഞാനികളെ
കർത്താവിങ്കലേയ്ക്ക്
വഴി നടത്തിയത്
നക്ഷത്രവെളിച്ചമെങ്കിൽ
നമ്മളെ
കർത്താവിങ്കലേയ്ക്ക്
വഴി നടത്തുന്നത്
കൂദാശകളും
കൂദാശാനുകരണങ്ങളുമാണ്.
വന്ന വഴിയെ അല്ല
ജ്ഞാനികൾ
തിരിച്ച് പോയത്.
കൂദാശകളും
കൂദാശാനുകരണങ്ങളും
പുതിയ വഴി കണ്ടെത്താൻ
സഹായിക്കുന്നത്
ആയിരിക്കണം!

"രക്ഷകന്റെ തിരുമുഖദർശനം പുതിയ വഴികൾ തുറന്ന് തരുന്നു
എന്നുള്ള ഓർമ്മപ്പെടുത്തലുകളാണ് ജ്ഞാനികളുടെ സന്ദർശനം"

രക്ഷ സമ്മാനിക്കാൻ പുൽക്കൂട്ടിൽ ജാതനായ ഉണ്ണിയേശുവിനെ തേടി യാത്രയായവർ മൂന്നല്ല നാല് രാജാക്കൻമാരായിരുന്നുവെന്നാണ് ചരിത്രം സാക്ഷ്യപ്പെടുത്തുന്നത്. പൊന്നും കുന്തിരിക്കവും മീറയും കൊണ്ട് വന്ന രാജാക്കൻമർക്കൊപ്പം മരതകവും കൈകളിലേന്തി രക്ഷകന്റെ തിരുമുഖ ദർശനവും സ്വപ്നം കണ്ട് വന്ന നാലാമന്റെ പേര് ആർത്തബാൻ എന്നായിരുന്നു. കരുണയുടെ തനി സ്വരൂപമായിരുന്നു നാലാമൻ. അതുകൊണ്ട് തന്നെ രക്ഷകനെ തേടി പോയവരിൽ അവൻ മാത്രം കൂട്ടം തെറ്റി. 'അവൻ കൂട്ടം തെറ്റിയതല്ല. മറിച്ച്, മനഃപൂർവ്വം തെറ്റിച്ചതാണ്' ഇങ്ങനെ പറയുന്നതായിരിക്കും കൂടുതൽ ഉചിതം. കാരണം, വേദനിക്കുന്ന മുഖങ്ങളെ തിരിച്ചറിഞ്ഞ അവന് യാത്ര തുടരാൻ സാധിച്ചില്ല.

ഒരു ഗർഭിണിയുടെ ക്ലേശത്തിൽ അവൾക്ക് പുൽമെത്ത ഒരുക്കുന്നതിനുള്ള ഒരു യുവാവിന്റെ തത്രപ്പാടിൽ മറ്റ് മൂന്ന് രാജാക്കൻമാർ അവനെ കടന്ന് പോയപ്പോൾ ആർത്തബാൻ ആ യുവാവിന് കൂട്ടിരുന്നു. കൂട്ടിരിക്കുമ്പോഴും അവന്റെ മനസിലെ ആഗ്രഹം ഒന്നുമാത്രമാണ്, എങ്ങനെയെങ്കിലും രക്ഷകനെ കണ്ടെത്തണം. അവന്റെ ദർശനത്താൽ ജീവിതം ധന്യമാക്കണം. കൈകളിലേന്തിയിരിക്കുന്ന കാഴ്ച്ചദ്രവ്യം അവന് മുമ്പിൽ നേദിക്കണം. വൈകിയാണെങ്കിലും ആർത്തബാൻ യാത്ര തിരിച്ചു. യാത്രക്കിടയിൽ മതമർദ്ദനം ഭയന്ന് ഈജിപ്തിലേയ്ക്ക് പലായനം ചെയ്യുന്ന ഒരു കുടുംബത്തെ അവൻ കണ്ടുമുട്ടി. ഉണ്ണിക്ക് സമ്മാനിക്കാൻ കരുതിയിരുന്ന കാഴ്ച്ചവസ്തു, മരതകം അവർക്ക് സമ്മാനിച്ചിട്ട് ആ കുടുംബത്തെ ആർത്തഭാൻ യാത്രയാക്കി. വീണ്ടും ആർത്തഭാൻ യാത്ര തുടരുകയാണ്. അപ്പോഴാണ്, പിതാവിന്റെ മൃതശരീരം മറവു ചെയ്യാൻ കഷ്ടപ്പെടുന്ന ഒരു കുടുംബത്തെ ആർത്തബാൻ കണ്ടുമുട്ടുന്നത്. കരുണയുടെ ആൾരൂപം, ആർത്തബാൻ അവരെയും സഹായിക്കുകയാണ്.

അങ്ങനെ രക്ഷകനെ തേടിയുള്ള അയ്യാളുടെ യാത്ര നീണ്ട മുപ്പത്തിമൂന്ന് വർഷങ്ങൾ നീളുന്നു. ഒടുവിൽ അയ്യാൾ രക്ഷകനെ കണ്ടുമുട്ടുന്നു. കണ്ടുമുട്ടുന്ന ഇടമോ, 'ആകാശത്തിനും ഭൂമിക്കും മദ്ധ്യേ കുരിശിൽ കിടക്കുന്നവനായ്!' തേടിവന്നത് പുൽക്കൂട്ടിൽ പിറന്ന ഉണ്ണിയെ ആണെങ്കിലും കണ്ടുമുട്ടുന്നത് കുരിശിൽ പിടയുന്ന രക്ഷകനെയാണ്. പക്ഷെ, കുരിശിൽ ചുവട്ടിൽ നിൽക്കുന്ന അമ്മയിൽ നിന്നും ആർത്തബാൻ തിരിച്ചറിയുകയാണ്, വഴിയിൽ വച്ച് താൻ സഹായിച്ചതത്രയും രക്ഷകനെ തന്നെയാണെന്ന്. പുൽക്കൂട്ടിൽ പിള്ളകച്ചയൊരുക്കാനും, ഈജിപ്തിലേയ്ക്കും നസ്രത്തിലേയ്ക്കുമുള്ള പലായനത്തിലും, യൗസേപിതാവിന്റെ മൃതസംസ്ക്കാരത്തിലും താൻ തുണയേകിയത് രക്ഷകനാണെന്ന് തിരിച്ചറിഞ്ഞപ്പോൾ ആർത്തബാന്റെ മിഴികൾ നിറഞ്ഞൊഴുകി.

ആർത്തബാൻ ചരിത്രത്തിൽ സംഭവിച്ചതോ അല്ലെങ്കിൽ മനുഷ്യന്റെ ഭാവന സൃഷ്ടിയോ ആകാം. എങ്കിലും, കരുണയുടെ ആൾരൂപമായ ആർത്തബാൻ എനിക്കു പറഞ്ഞ് തരുന്നുണ്ട്, "കരയുന്നവർക്കെല്ലാം ക്രിസ്തുവിന്റെ മുഖമാണെന്ന്!" ആർത്തബാൻ ചരിത്രത്തിൽ ജീവിച്ചിരുന്ന വ്യക്തിയാണെങ്കിൽ, ക്രിസ്തു പങ്കുവച്ച വചനം

അവൻ പങ്കുവയ്ക്കുന്നതിന് മുമ്പേ സ്വന്തമാക്കിയ വലിയ വിശുദ്ധനാണ് ആർത്തബാൻ. ക്രിസ്തുവിനെ തേടേണ്ടത് ആരോഗ്യമുള്ളവർക്കിടയിലല്ല. മറിച്ച്, രോഗികൾക്കിടയിലാണ്. രക്ഷകനെ കണ്ടെത്തേണ്ടത് സന്തോഷിക്കുന്നവരുടെ ഇടയിൽ നിന്നല്ല. മറിച്ച്, കരയുന്ന കണ്ണുകൾക്കിടയിൽ നിന്നാണ്. നാം ക്രിസ്തുവിനെ കണ്ടെത്തുന്നില്ലെങ്കിൽ അതിനുള്ള കാരണം പലപ്പോഴും രക്ഷകനെ നാം അന്വേഷിക്കുന്നത് രാജകൊട്ടാരങ്ങളിലും വലിയ സൗധങ്ങളിലുമൊക്കെയാണ്.

രക്ഷകന്റെ ജനനത്തിൽ ലോകം മുഴുവൻ സന്തോഷിക്കുന്നു. അവന്റെ ജനനം ലോകത്തിന് പ്രകാശം സമ്മാനിച്ചപ്പോൾ ഹേറോദേസിന്റെ കൊട്ടാരത്തിൽ മാത്രം ക്രിസ്തുവിന്റെ തിരുപ്പിറവി അന്ധകാരം നിറച്ചു. അത് ക്രിസ്തുവിന്റെ പ്രശ്നമല്ല. കാരണം, രക്ഷയേക്കാൾ വിലയുള്ളതായ് ഹേറോദേസ് കണ്ടത് അധികാരമായിരുന്നു. നക്ഷത്രം ജ്ഞാനികൾക്ക് വഴിവെളിച്ചവും പാഥേയവുമായപ്പോൾ ഹേറോദേസിനെ, യഥാർത്ഥത്തിൽ, അത് അന്ധനാക്കുകയാണ്. എങ്കിൽ, ഒന്നുറപ്പാണ്, "ദൈവീക അടയാളങ്ങളും അൽഭുതങ്ങളും ഒരു കൂട്ടരെ രക്ഷയിലേയ്ക്ക് നയിക്കുമെങ്കിൽ മറു കൂട്ടരെ അന്ധകാരത്തിലേയ്ക്ക് നയിക്കാനും ഇതുതന്നെ മതി." ഇവിടെ അടയാളങ്ങളുടെയും അൽഭുതങ്ങളുടെയും കുറവ് കൊണ്ടല്ല. മറിച്ച്, അടയാളങ്ങളെയും അൽഭുതങ്ങളെയും സ്വീകരിച്ച വിധം കൊണ്ടാണ് ഒരു വ്യക്തി അന്ധകാരത്തിലേയ്ക്ക് തെന്നി വീഴുന്നത്. അത് അയ്യാളുടെ നാശത്തിന് കാരണമാവുകയും ചെയ്തു!

ജീവിതതിരക്കുകൾക്കിടയിൽ ദൈവത്തെ കണ്ടുമുട്ടാൻ സാധിക്കാത്തവരുടെ ഇടയിൽ നിന്ന് വിഭിന്നമാവുകയാണ് ജ്ഞാനികൾ! തിരക്കുകൾ പറഞ്ഞ്, സഹചര്യങ്ങളെ പഴിച്ച് ദൈവ സാന്നിദ്ധ്യമറിയിക്കുന്ന എത്രയോ നക്ഷത്രങ്ങളെ നാം നഷ്ടപ്പെടുത്തിയിട്ടുണ്ട്!

രക്ഷകന്റെ പുൽക്കൂട്ടിലെ ജനനം ഹേറോദേസിന്റെ ഉറക്കം കെടുത്തുകയാണ്. തിന്മയിലും അന്ധകാരത്തിലും കഴിയുന്ന എല്ലാവരെയും അലോസരപ്പെടുത്തുന്ന ഒന്നാണ് നന്മയുടെ ഉദയം. അത് തന്നെയാണ് ഇവിടെയും സംഭവിച്ചത്. ഹേറോദേസിനെ നയിച്ചത് അധികാരത്തിന്റെ അന്ധതയാണ്. ദാനം സമ്മാനിക്കുന്ന ദാദാവിനെ മറന്ന് ദാനത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നവന്റെ ജീവിതം എത്ര വിചിത്രം! ദാനങ്ങൾ ദാദാവിലെത്തുന്നതിന് ഒരിക്കലും തടസമാകരുത്. ഹേറോദേസിന് രക്ഷകൻ സമ്മാനിച്ച ദാനം, തന്റെ രാജ്യത്വം, രക്ഷകനിലെത്തുന്നതിന് തടസമായി ഭവിക്കുന്നു.



ഹേറോദേസിന്റെ കൊട്ടാരത്തിൽ വചനം വ്യാഖ്യാനിക്കുന്ന പണ്ഡിതൻമാർ ഉണ്ടായിരുന്നു. രക്ഷകന്റെ വരവിനെ കുറിച്ച് ജ്ഞാനികളിൽ നിന്ന് തിരച്ചറിഞ്ഞ ഹേറോദേസ് വചനം വ്യാഖ്യാനിക്കുന്ന പണ്ഡിതൻമാരാൽ സൂക്ഷ്മപരിശോദന നടത്തുമ്പോൾ രക്ഷകനെ എങ്ങനെ ആരാധിക്കാം എന്നല്ല ചിന്തിക്കുന്നത്. മറിച്ച്, എങ്ങനെ അവനെ നശിപ്പിക്കാം. എങ്ങനെ എന്റെ അധികാരത്തെ സ്ഥിരപ്പെടുത്താം. അധികാരത്തെ ആരാധിക്കുന്നതിന് വേണ്ടി ശിശുക്കളുടെ കൊലപാതകമാണ് അയ്യാൾ ലക്ഷ്യമിടുന്നത്. "വചനം ശ്രവിക്കുമ്പോൾ ഉള്ളിൽ നന്മയുള്ളവൻ, തന്റെ നന്മയുടെ നിക്ഷേപത്തിൽ നിന്ന് നന്മ ചിന്തിക്കുന്നു. ഉള്ളിൽ തിന്മയുള്ളവനാകട്ടെ തന്റെ തിന്മയുടെ നിക്ഷേപത്തിൽ നിന്ന് തിന്മയും." വചനമല്ല, മറിച്ച്, ജീവിത വ്യഗ്രതകളും ചിന്താരീതികളുമാണ് ഒരുവനെ തിന്മയിലേയ്ക്ക് നയിക്കുന്നത്. വചനത്തെ തുറവിയുള്ള ഹൃദയത്തോടെ സ്വീകരിച്ചാൽ മാത്രമാണ് വചനം ശ്രവിക്കുന്നവനെ പരിവർത്തനത്തിലേയ്ക്ക് നയിക്കുക.

"ജ്ഞാനികളുടെ സന്ദർശനം" എനിക്കു മുമ്പിൽ ഉയർത്തുന്ന വെല്ലുവിളികളിലൊന്ന് രക്ഷകനെ കണ്ടെത്താൻ ഞാൻ ജ്ഞാനികൂടിയാകണം എന്നുള്ളതാണ്. ഇത് ആർഷഭാരത സംസ്ക്കാരത്തോട് ചേർന്ന് നിൽക്കുന്ന ഒന്നാണ്. ഇത് പഠിപ്പിക്കുന്നു, ഒരുവന് ദൈവത്തെ ഭക്തി മാർഗ്ഗത്തിലൂടെയും ജ്ഞാന മാർഗ്ഗത്തിലൂടെയും കർമ്മ മാർഗ്ഗത്തിലൂടെയും കണ്ടെത്താമെന്ന്. എങ്കിൽ, ആർഷ ഭാരത സംസ്ക്കാരവും, ജ്ഞാനികളുടെ സന്ദർശനവും പങ്കുവയ്ക്കുന്നത് രക്ഷകനെ കണ്ടെത്തുവാനുള്ള ചില നിലപാടുകളെ കുറിച്ചാണ്. ഈ നിലപാടുകളിലൊന്ന് രക്ഷകനെ തേടാൻ ഞാൻ സ്വന്തമാക്കേ

ണ്ടത് ജ്ഞാനമാണ് എന്നുള്ളതാണ്. ജ്ഞാനത്തിന്റെ പുസ്തകം കുറിച്ച് വയ്ക്കുന്നുണ്ട്, "ദൈവഭയം ജ്ഞാനത്തിന്റെ ആരംഭമെന്ന്" "സകല അറിവും കർത്താവിൽ നിന്ന് വരുന്നുവെന്നും."

ജ്ഞാനികളുടെ സന്ദർശനവം പങ്കുവയ്ക്കുന്ന മറ്റൊരു നിലപാട്, "ദൈവത്തെ തേടുന്നവർ ഹൃദയത്തിൽ ജ്ഞാനം മാത്രം നിറച്ചാൽ പോര, തനിക്ക് ചുറ്റും സംഭവിക്കുന്നവയെ ജ്ഞാന ദൃഷ്ടികൊണ്ട് വിവേചിച്ചറിയണം എന്നുള്ളതാണ്." അസാധാരണമായി കിഴക്ക് ഉദിച്ച നക്ഷത്രം തിരിച്ചറിഞ്ഞാണ് ജ്ഞാനികൾ രക്ഷകന്റെ നടുമുറ്റത്തെത്തിയത്. തങ്ങൾക്കു ചുറ്റും നടക്കുന്ന അസാധാരണ സംഭവങ്ങളെ വിവേചിച്ചറിയാനും, സസൂക്ഷ്മം വീക്ഷിക്കാനും സാധിച്ചതുകൊണ്ടാണ് രക്ഷകന്റെ ജനനം തിരിച്ചറിയാൻ ജ്ഞാനികൾക്ക് സാധിച്ചത്. 'കിഴക്ക്' എന്നും ദൈവ സാന്നിദ്ധ്യത്തിന്റെ സൂചനയാണ്. ദൈവാലയത്തെ ദൈവലയമാക്കുന്ന അൾത്താരകളുടെ ദർശനം എന്നും കിഴക്കാണ്. ദൈവം തന്റെ തേനും പാലും ഒഴുകുന്ന സുഖസമൃദ്ധിയെ അണിയിച്ചൊരുക്കിയത് കിഴക്ക് ഏദൻ തോട്ടത്തിലാണ്. വചനം വായിച്ചാൽ മാത്രം പോര. വായിച്ച വചനത്തെ, മറിയത്തോപ്പോലെ, ഹൃദയത്തിലും മനസിലിമിട്ട് കൂട്ടികിഴിക്കലുകൾ നടത്തി അരിച്ചെടുക്കുമ്പോഴാണ് ദൈവന്വേഷണത്തിന്റെ പാത എന്നിൽ തുറന്ന് വരുന്നത്.

ദൈവാന്വേഷണത്തിന്റെ
വഴിയിൽ
ഹേറോദേസിന്റെ
കൊട്ടാരം
ജ്ഞാനികളുടെ
മനസിളക്കുന്നുണ്ട്.
പ്രലോഭനങ്ങൾ
ഉണ്ടാകേണ്ടതാണ്.
പരീക്ഷകളിലും
പരീക്ഷണങ്ങളിലുമാണ്
ഒരുവൻ
അളക്കപ്പെടുന്നത്!

ജ്ഞാനികളുടെ സന്ദർശനവം പങ്കുവയ്ക്കുന്ന മറ്റൊരു നിലപാട്, "ദൈവം വഴി തെളിയ്ക്കുമ്പോൾ ആ വഴിയെ സകലതും ഉപേക്ഷിച്ച് പിഞ്ചെല്ലുക" എന്നുള്ളതാണ്. ജ്ഞാനികളായ മൂന്ന് രാജക്കൻമാരാണ് രാജകൊട്ടാരത്തിന്റെ സുഖവും സംതൃപ്തിയും ഉപേക്ഷിച്ച് രക്ഷകനെ തേടി യാത്രയാകുന്നത്. ഇത് രാജകൊട്ടരത്തിന്റെ സുഖക്കേടുകളിൽ അസംന്തുഷ്ടരായല്ല. മറിച്ച്, ദൈവം വഴി തെളിച്ചപ്പോൾ ആ വഴിയെ സകലതും ഉപേക്ഷിച്ച് രക്ഷകനെ അനുഗമി ക്കുകയാണ്. ദൈവം വഴി തെളിയ്ക്കുമ്പോൾ ആ വഴിയെ സകലതും ഉപേക്ഷിച്ച് അവനെ അനുഗമിക്കാൻ സാധിക്കണം. സമൃദ്ധിയുടെ നടുവിൽ അബ്രാഹം നിൽക്കുമ്പോഴാണ് കർത്താവ് അബ്രാഹത്തെ വിളിക്കുന്നത്. നീ എല്ലാം ഉപേക്ഷിക്കുക. എന്നെ അനുഗമിക്കുക. നിനക്ക് ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെയും കടൽ തീരത്തെ മണൽ തരിയെപ്പോലെ മക്കളെയും തരുമെന്ന് പറയുന്നത്. ഞാൻ പ്രായം കവിഞ്ഞവനാണ് എന്ന് പറഞ്ഞ് കർത്താവിന്റെ വിളിയെ അബ്രാഹം തിരസ്ക്കരിക്കുകയല്ല. മറിച്ച്, 'ദൈവം വഴി തെളിയ്ക്കുമ്പോൾ ആ വഴിയെ സകലതും ഉപേക്ഷിച്ച് പിഞ്ചെല്ലുകയാണ്."

ഹേറോദേസിന്റെ വഞ്ചനയെ സ്വപ്നത്തിൽ ജ്ഞാനികൾക്ക് ബോദ്ധ്യപ്പെടുത്തിയിട്ട് വന്ന വഴിയെ തിരിച്ച് പോകാതെ പുതിയ വഴി തിരഞ്ഞെടുക്കാൻ ദൈവം ആവശ്യപ്പെടുകയാണ്. രക്ഷകനെ കണ്ടവർക്കാർക്കും, അനുഭവിച്ചവർക്കാർക്കും പുതിയ വഴി സ്വന്തമാക്കാതിരിക്കാനാവില്ല! കരണം, രക്ഷകന്റെ തിരുമുഖം തന്നെ പുതിയ വഴി തുറന്ന് തരുന്നു. ദമാസ്ക്കസിൽ വച്ച് കർത്താവിനെ കണ്ട സാവൂൾ പുതിയ വഴി തിരഞ്ഞെടുത്തു. സിക്കമൂർ മരത്തിൽ കയറിയ കുള്ളനായ സക്കേവൂസ് കർത്താവിനെ കണ്ടപ്പോൾ, അവന്റെ വഴി സക്കേവൂസ് സ്വന്തമാക്കുന്നു. പാപിനിയായ സ്ത്രീ കർത്താവിനെ അനുഭവിച്ചറിഞ്ഞപ്പോൾ പലവിധ വ്യഗ്രതകളിൽ നിന്നൊഴിഞ്ഞ് അവന്റെ പാദാന്തികത്തിൽ അഭയം തേടുകയാണ്. ഞായറാഴ്ച്ചകളിൽ പള്ളിയിൽ വന്നാൽ മാത്രം പോര. അവന്റെ തിരുമുഖം കാണാൻ പഠിക്കണം. അതുവഴിയായ് പുതിയ വഴിയെ നടക്കാൻ ശക്തിയുള്ളവരായി മാറ്റപ്പെടണം.

**"കർത്താവിനെ കണ്ടവരാരും വന്ന വഴിയെ യാത്ര ചെയ്തീട്ടില്ല!"**

.....................................................................................................

ഫാ. ജോബി മെനേത്ത് : +91 944 7777 931